**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1847** **31-08-2022 - ൽ മറുപടിയ്ക്ക്**

**മാനന്തവാടി മണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി പ്രകാരം മാനന്തവാടി മണ്ഡലത്തിൽ തെരഞ്ഞെടുത്ത സ്ഥലം ഏതാണെന്ന് അറിയിക്കാമോ; | (എ) | **ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിക്കായി ജനപ്രതിനിധികളുടെ ശുപാർശ പരിശോധിച്ച് തയ്യാറാക്കിയ പ്രാഥമിക കളിസ്ഥലങ്ങളുടെ ലിസ്റ്റ് അംഗീകരിച്ച് 10.08.2022-ലെ സ.ഉ.(സാധാ)നം.204/2022/കാ.യു.വ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ മാനന്തവാടി മണ്ഡലത്തിൽ തിരുനെല്ലി പഞ്ചായത്ത് സ്റ്റേഡിയം കാട്ടിക്കുളം ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്.**<br><br>**പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മാനന്തവാടി മണ്ഡലത്തിലെ പദ്ധതിക്കായി നിർദ്ദേശിച്ച സ്ഥലം സന്ദർശിക്കുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് സ്രോതസ്സുകളിൽ നിന്നും പ്രസ്തുത പദ്ധതിക്ക് വിഹിതം ലഭ്യമാകുമ്പോൾ പദ്ധതി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.** |
| (ബി) | മണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ; | (ബി) | **ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിക്കായി ജനപ്രതിനിധികളുടെ ശുപാർശ പരിശോധിച്ച് തയ്യാറാക്കിയ പ്രാഥമിക കളിസ്ഥലങ്ങളുടെ ലിസ്റ്റ് അംഗീകരിച്ച് 10.08.2022-ലെ സ.ഉ.(സാധാ)നം.204/2022/കാ.യു.വ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ മാനന്തവാടി മണ്ഡലത്തിൽ തിരുനെല്ലി പഞ്ചായത്ത് സ്റ്റേഡിയം കാട്ടിക്കുളം ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്.**<br><br>**പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മാനന്തവാടി മണ്ഡലത്തിലെ പദ്ധതിക്കായി നിർദ്ദേശിച്ച സ്ഥലം സന്ദർശിക്കുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് സ്രോതസ്സുകളിൽ നിന്നും പ്രസ്തുത പദ്ധതിക്ക് വിഹിതം ലഭ്യമാകുമ്പോൾ പദ്ധതി** |

| | | | |
|---|---|---|---|
| | | | **എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.** |
| (സി) | സംസ്ഥാനത്ത് പ്രസ്തുത പദ്ധതി നടപ്പാക്കാനാവശ്യമായ തുക കണ്ടെത്തുന്നത് സംബന്ധിച്ച വിശദാംശം നൽകാമോ? | (സി) | **ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി യിലെ ഓരോ പദ്ധതിക്കും ആവശ്യമായി വരുന്ന ഒരു കോടി രൂപയിൽ 50 ലക്ഷം രൂപ കായിക വകുപ്പും ബാക്കി വരുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട് വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവയിൽ നിന്നും പ്രവൃത്തിക്ക് ആവശ്യമായ തുക സമാഹരിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.** |

സെക്ഷൻ ഓഫീസർ